**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4504** **01-07-2024 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ഫോർമറുകളുടെ ശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തികൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വികസന പദ്ധതിയായ 'ദ്യുതി'യിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. പ്രസ്തുത പ്രവൃത്തികളിൽ 1636 ട്രാൻസ്ഫോർമറുകൾ ശേഷി വർധിപ്പിക്കുന്നതിനായി 61.38 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഉയർന്ന നിലവാരത്തിലുള്ള റോഡുകൾക്ക് യോജിച്ചതും ആധുനിക രീതിയിലുള്ളതും രൂപഭംഗിയാർന്നതുമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിലും കെ.എസ്.ഇ.ബി. ലിമിറ്റഡിന് ധനസഹായം ലഭ്യമാകുന്ന പദ്ധതികളിലും സ്ഥലത്തിന്റെ പശ്ചാത്തല സൗന്ദര്യത്തിന് ഉതകുന്ന രീതിയിൽ വൈദ്യുതി വിതരണ പ്രതിഷ്ഠാപനങ്ങൾ കെ.എസ്.ഇ.ബി.ലിമിറ്റഡ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രീതിയിൽ ഉള്ള പ്രവൃത്തികൾക്ക് ഭീമമായ ചെലവ് വരുമെന്നതിനാലും ഇത് വൈദ്യുതി ചാർജ്ജിന്റെ വർധനയ്ക്ക് കാരണമാകുമെന്നതിനാലും കെ.എസ്.ഇ.ബി.എൽ-ന്റെ തനത് ഫണ്ട് ഉപയോഗിച്ച് ആയത് മറ്റ് പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ കഴിയില്ല. എന്നാൽ പ്രവൃത്തികൾക്കായുള്ള ചെലവ് വഹിക്കുവാൻ ഏതെങ്കിലും ഏജൻസികൾ തയ്യാറായാൽ പ്രസ്തുത പ്രവൃത്തികൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാവുന്നതാണ്.<br><br>ഉയർന്ന നിലവാരത്തിലുള്ള റോഡുകൾക്ക് യോജിച്ചതും ആധുനിക രീതിയിലുള്ളതും രൂപഭംഗിയാർന്നതുമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നത്തിനുള്ള പ്രത്യേക പദ്ധതി നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ട്രാൻസ്ഫോർമർ പ്രതിഷ്ഠാപനങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ